# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4057

21-07-2015 ൽ
മറുപടിയ്ക്ക്

## വാടകയ്ക്ക് എടുത്ത കെട്ടിടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സി-ഡിറ്റ് എത്ര കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്തുവെന്നും പ്രസ്തുത കെട്ടിടങ്ങളുടെ വാടകയിനത്തിലും ഓഫീസ് സജ്ജീകരണത്തിനുമായി എത്ര തുക വിനിയോഗിച്ചുവെന്നും പ്രസ്തുത തുകയുടെ ഉറവിടം ഏതാണെന്നും ഇനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ?

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി-ഡിറ്റ് 2 കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്തിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ചെലവായ തുക താഴെ കൊടുക്കുന്നു.

1. ടെക്നോളജി എക്സ്റ്റൻഷൻ ഡിവിഷൻ ചിറക്കുളം റോഡിൽ റ്റി.സി. 82/2444- കെട്ടിടത്തിലേയ്ക്ക് മാറ്റിയ വകയിൽ ചെലവായ തുക:

| | |
|---|---|
| ഫർണിച്ചർ, ഫിറ്റിംഗ്സ് ഇളക്കി മാറ്റി പുതിയ രണ്ട് കെട്ടിടത്തിലേയ്ക്ക് കൊണ്ടുപോയി ഫിറ്റ് ചെയ്ത വകയിൽ ചെലവായത് | 2,65,000/-രൂപ |
| മറ്റ് സാധനങ്ങൾ മാറ്റിയ വകയിൽ ചെലവായത് | 2,19,409/- രൂപ |
| നെറ്റ് വർക്കിംഗ് ചെയ്ത വകയിൽ ചെലവായത് | 72,560/- രൂപ |
| യു.പി.എസ്.വയറിംഗിനായി ചെലവായത് | 1,39,088/- രൂപ |
| ആകെ | 6,96,057/- രൂപ |
| മാസ വാടക (3000 ചതുരശ്ര അടിക്ക് 18 രൂപ നിരക്കിൽ) | 54,000/- രൂപ |

ഫെബ്രുവരി 2015 മുതൽ മെയ് മാസം വരെ 1,89,000/- രൂപ വാടകയായി നൽകിയിട്ടുണ്ട്.

2. വെബ്ബ് സർവ്വീസ് ഡിവിഷൻ കൂടുതൽ സ്ഥല സൗകര്യമുള്ള വഴുതക്കാട് സെന്റർ പ്ലാസ കെട്ടിടത്തിലേയ്ക്ക് 2015 മാർച്ച് മുതൽ മാറുകയുണ്ടായി. ബന്ധപ്പെട്ട ചെലവുകൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മാർച്ച് 2015 മുതൽ മെയ് 2015 വരെ വാടകയിനത്തിൽ ചെലവായത് | 1,38,768/-രൂപ |
| ഫർണിച്ചർ ഫിറ്റിംഗ്സ് (ഫാബ്രിക്കേഷൻ ഉൾപ്പെടെ) | 2,14,290/-രൂപ |
| നെറ്റ് വർക്കിംഗ് ചാർജ്ജ് | 3,77,108/-രൂപ |
| ആകെ | 7,30,166/-രൂപ |

കെട്ടിട വാടക 2150 sq.ft-ന് 18/- രൂപ നിരക്കിൽ മാസം 38,700/- രൂപയാണ്.

രണ്ട് കെട്ടിടങ്ങളുടേയും വാടകയും ഓഫീസ് സജ്ജീകരണത്തിന് ചെലവായ തുകയും അതാത് പ്രോജക്ടുകളിൽ നിന്നുള്ള വരുമാനത്തിൽ നിന്നുമാണ് കണ്ടെത്തിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ